# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ

എറണാകുളം ജില്ലാ ഭരണകൂടത്തിനുവേണ്ടി കേരള സംസ്ഥാന സർക്കാർ റവന്യൂ (ബി) വകുപ്പ് ചുമതലപ്പെടുത്തിയത്



**എറണാകുളം ജില്ലയിലെ കാക്കനാട് വില്ലേജിൽ IURWTS പദ്ധതിയുടെ ആഘാത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ**

**അർത്ഥനാധികാരി**

BHAVANAM FOUNDATION KERALA

ഭവനം ഫൗണ്ടേഷൻ
പനച്ചിമൂട്ടിൽ, മുളവാന
ജംഗ്ഷൻ,
കുന്നുകുഴി, വഞ്ചിയൂർ പി.ഒ
തിരുവനന്തപുരം– 695035, കേരള
www.bfk.in

**സാമൂഹ്യപ്രത്യാഘാതവിലയിരുത്തൽ പഠന യൂണിറ്റ്**

RAJAGIRI OUTREACH

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ്
സോഷ്യൽ സയൻസസ്
രാജഗിരി. പി.ഒ., കളമശ്ശേരി
പിൻ : 683104

# ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 ഗവർണ്മെൻേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**സൂചനകളും അനുബന്ധങ്ങളും**

# പട്ടികകൾ

| പട്ടികനമ്പർ | ഉള്ളടക്കം |
|---|---|
| 1.3.1 | ഭൂമി ഏറ്റെടുക്കലിന്റെ വിസ്താരം |
| 1.5.1 | മരങ്ങളുടെയും കണക്ക് |
| 3.1.1 | പഠന സംഘം |
| 3.5.1 | മീറ്റിങ്ങുകളുടെ സമയക്രമം |
| 4.7.1 | വിളകളുടെയും മരങ്ങളുടെയും കണക്ക് |
| 5.1.1 | പ്രത്യാഘാതബാധിത കുടുംബങ്ങൾ |
| 6.1.1 | പ്രായവും ലിംഗവും |
| 7.6.1 | പ്രത്യാഘാത നിയന്ത്രണ നടപടികൾ |

# ചിത്രങ്ങൾ

| ചിത്ര നമ്പർ | ഉള്ളടക്കം |
|---|---|
| 4.2.1 | പദ്ധതി പ്രദേശം |

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

വികസന പദ്ധതികൾ നമ്മുടെ രാജ്യത്തിൻെറ വളർച്ചയെ ഉത്തേജിപ്പിക്കുന്നു. വികസന പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നത് അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, സാമ്പത്തികം മുതലായ എല്ലാ തലങ്ങളിലൂടെയുമുള്ള സമൂഹത്തിൻെറ വികസനം ആണ്. പക്ഷെ മറുവശത്ത്, മിക്ക വികസന പദ്ധതികളും ജനങ്ങളുടെ ഭൂസ്വത്തി നെയും ജീവിത സൗകര്യങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. ഇത്തരത്തിൽ ബാധിതരാകുന്ന ജനങ്ങളെ സുരക്ഷിതമായി പുനരധിവസിപ്പിക്കുക എന്നത് സർക്കാരിൻെറ ഉത്തരവാദിത്വമാണ്.

കൊച്ചിയിലെ അർബൻ റീജനറേഷൻ ആൻറ് ഇൻറഗ്രേറ്റഡ് വാട്ടർ ട്രാസ്പോർട്ട് സിസ്റ്റം പദ്ധതി, കനാലുകളും സമീപപ്രദേശങ്ങളും വികസിപ്പിക്കുന്നതിനുള്ള കേരള സർക്കാരിൻെറ കീഴിലുള്ള കേരള ഷിപ്പിംഗ് ആൻറ് ഇൻലാൻഡ് നേവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിൻെറ ഒരു സംയുക്ത പദ്ധതിയാണ്. തേവര കനാൽ, ഇടപ്പള്ളി കനാൽ, ചിലവന്നൂർ കനാൽ, മാർക്കറ്റ് കനാൽ, തേവര-പേരണ്ടൂർ കനാൽ എന്നീ 5 കനാലുകളുടെ ഇരുവശങ്ങളിലും താമസിക്കുന്ന വീട്ടുകാരാണ് IURWTS പദ്ധതിയുടെ ആഘാത ബാധിതർ. മേൽപ്പറഞ്ഞ പദ്ധതി ബാധിത സ്ഥലങ്ങളെല്ലാം നഗരത്തോട് ചേർന്നു കിടക്കുന്നതുന്നതാണ്. ഇവിടെ താമസിക്കുന്ന ഏകദേശം 2000 പദ്ധതി ബാധിതർ ആണ് IURWTS പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കേണ്ടി വരുന്നത്. ഇവരിൽ പല കുടുംബങ്ങളും വൃത്തിഹീനമായ ചുറ്റുപാടിലാണ് താമസിക്കുന്ന തെങ്കിലും അടിസ്ഥാന സൗകര്യങ്ങളായ ആശുപത്രി, സ്കൂൾ, ഗതാഗതം മുതലായവ ഇവർക്ക് എളുപ്പത്തിൽ പ്രാപ്യമാണ്. ആയതിനാൽ ഇവരെ പുനരധിവസിപ്പിക്കു മ്പോൾ ഇവർക്ക് നിലവിലുള്ള ജീവിത സാഹചര്യങ്ങൾ ഒട്ടും കുറവ് വരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. IURWTS പദ്ധതിയുടെ ആഘാത ബാധിതരെ

പുനരധിവസിപ്പിക്കുന്നതിനായി കേരള സർക്കാർ കാക്കനാട് വില്ലേജിൽ 7.73 ഏക്കർ സ്ഥലം കണ്ടെത്തി. അവിടെ 400 അപ്പാർട്ട്മെൻറുകൾ പണിത് ഒരു ടൗൺഷിപ്പ് ആയി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കോസ്റ്റൽ ഷിപ്പിംഗ് ഇൻലാൻഡ് നേവിഗേഷൻ വകുപ്പിൻെറ 12.11.2018 തീയതിയിലെ വിജ്ഞാപനം നമ്പർ G.O/(MS) NO.07/2018/ CSIND പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

10.02.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 427ൽ പ്രസിദ്ധപ്പെടുത്തിയ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 10.02.2020 തീയതിയിലെ വിജ്ഞാപനം നമ്പർ G.O.(P) NO.11/2020/ RD & S.R.O.No.105/2020 പ്രകാരം കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിൽ 7.73 ഏക്കർ സ്ഥലം പൊതു ആവശ്യമായി വന്നേക്കാമെന്നും കേരള ചട്ടം 2015 ചട്ടം 10 പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുവേണ്ടി കളമശ്ശേരിയിലെ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി. കൂടാതെ പ്രസ്തുത പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 (1) അനുശാസിക്കുന്ന പദ്ധതി പൊതു താത്പര്യത്തിൻ കീഴിൽ വരുന്നു.

## 1.2 സ്ഥലം

പുനരധിവാസ പദ്ധതിക്കുവേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ തൃക്കാക്കര നഗരസഭയിലുള്ള കാക്കനാട് വില്ലേജിൽ 528/8 P, 528/11, 528/12, 499/1 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന 7.73 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ കൊച്ചി നഗരത്തിൻെറ പ്രധാന വ്യവസായ പാർപ്പിട മേഖലയാണ് കാക്കനാട്. കേരളത്തിൽ അതിവേഗം വളരുന്ന പ്രദേശങ്ങളിലൊന്നാണ് കാക്കനാട്.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

സ്പെഷ്യൽ തഹസിൽദാരിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച് പ്രസ്തുത പദ്ധതിക്കുവേണ്ടി കണ്ടെത്തിയ കാക്കനാട് വില്ലേജിലെ 7.73 ഏക്കർ സ്ഥലം വാസയോഗ്യമായ സ്ഥലവും സർവ്വേ നമ്പർ 499/1 ഒഴിച്ച് മറ്റു സ്ഥലങ്ങൾ പുരയിടം വിഭാഗത്തിൽ പെടുന്നതും, 499/1 എന്ന സർവ്വേ നമ്പറിലുള്ള സ്ഥലം നിലം

വിഭാഗത്തിൽ പെടുന്നതുമാണ്. പദ്ധതി പ്രദേശത്തിൻെറ കൂടുതൽ ഭാഗങ്ങളും ധാരാളം മരങ്ങളും 3 നിർമ്മിതികളും ഉൾപ്പെടുന്നതാണ്. പമ്പ് ഹൗസ്, തൊഴുത്ത്, ഒരു ചായ്പ് എന്നിവയാണ് കെട്ടിടങ്ങളിൽ ഉൾപ്പെടുന്നത്. കാർഷികാവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഒരു കുളവും അവിടെ ഉണ്ട്. ചിത്രപ്പുഴയിൽ ചെന്നു ചേരുന്ന ഒരു കനാലും പദ്ധതി പ്രദേശത്തിൻെറ അതിർത്തിയിൽ ഉണ്ട്. നിർദ്ദിഷ്ട സ്ഥലം 2 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്.

**പട്ടിക 1.3.1 ഭൂമി ഏറ്റെടുക്കലിൻെറ വിസ്താരം**

| ക്രമ നമ്പർ | സർവ്വേ നമ്പർ | ഭൂമിയുടെ വിശദീകരണം | വില്ലേജ് | വിസ്താരം ഏക്കറിൽ |
|---|---|---|---|---|
| 1 | 528/8p | പുരയിടം | കാക്കനാട് | 7.73 ഏക്കർ |
| 2 | 528/11 | പുരയിടം | | |
| 3 | 528/12 | പുരയിടം | | |
| 4 | 499/1 | നിലം | | |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

IURWTS പദ്ധതിയുടെ ആഘാത ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമാണ് എന്നതിനാലും നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പ്രകാരം വളരെ കുറവ് പ്രത്യാഘാതം മാത്രമേ ഉണ്ടാകൂ എന്നതിനാലും പദ്ധതിക്കുവേണ്ടി ഇതര മാർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല എന്ന് അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പുനരധിവാസ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ രൂപ രേഖ പ്രകാരം 2 ഭൂവുടമകൾക്ക് ഭൂമി നഷ്ടമാകും എന്നതാണ് പദ്ധതിയുടെ പ്രധാന ആഘാതം. കൂടാതെ പദ്ധതി മൂലം 3 കെട്ടിടങ്ങളും മരങ്ങളും ഒരു കുളവും നശിപ്പിക്കപ്പെടും. പ്രത്യാഘാതങ്ങളുടെ ലഘൂകരിച്ച വിവരങ്ങൾ താഴെ നൽകുന്നു.

| | | |
|---|---|---|
| വീടുകൾ നഷ്ടമാകൽ | : | ഇല്ല |
| സ്ഥലം നഷ്ടമാകൽ | : | 2 കുടുംബങ്ങളുടെ |
| കെട്ടിടങ്ങൾ നഷ്ടമാകൽ | : | 3 |

കുടുംബ വരുമാനത്തിനുണ്ടാകുന്ന കുറവ് : ഇല്ല

പ്രാഥമിക വരുമാന സ്രോതസ്സിനുണ്ടാകുന്ന നഷ്ടം : ഇല്ല

പദ്ധതി പ്രദേശത്തെ ജലാശയങ്ങൾ: 1

സർക്കാർ ഭൂമി നഷ്ടമാകൽ : ഇല്ല

പദ്ധതി പ്രദേശത്തെ മരങ്ങൾ : ഏകദേശം 900 മരങ്ങൾ

**പട്ടിക 1.5.1 മരങ്ങളുടെയും കണക്ക്**

| ക്രമ നമ്പർ | മരങ്ങളുടെ/വിളകളുടെ തരം | എണ്ണം |
|---|---|---|
| 1 | തെങ്ങ് | 267 |
| 2 | തേക്ക് | 40 |
| 3 | പ്ലാവ് | 18 |
| 4 | മാവ് | 8 |
| 5 | കശുവണ്ടി | 2 |
| 6 | പൈൻ മരം | 3 |
| 7 | പുളിമരം | 5 |
| 8 | മുള | 3 |
| 9 | പൈനാപ്പിൾ | 300 |
| 10 | മഹാഗണി | 3 |
| 11 | ബട്ടർ ഫ്രൂട്ട് | 1 |
| 12 | മുട്ടമരം | 1 |
| 13 | അകേഷ്യ | 4 |
| 14 | ആഞ്ഞിലി | 25 |
| 15 | മുരിക്ക് | 3 |
| 16 | വട്ട | 122 |
| 17 | മറ്റ് മരങ്ങൾ | 93 |

**കുറിപ്പ്** : മുകളിൽ പറഞ്ഞിരിക്കുന്ന വസ്തു വകകൾ വിവരദാതാക്കളിൽ നിന്നും സർവ്വെ സമയത്ത് ലഭിച്ചതാണ്. ഭൂമി ഏറ്റെടുക്കലിൻെറ സമയത്ത് രേഖാപരമായ തെളിവുകൾ പരിശോധിക്കേണ്ടതാണ്.

**1.6 ലഘൂകരണ നടപടികൾ**

പദ്ധതിയെക്കുറിച്ചും ഭൂമിഏറ്റെടുക്കലിനെക്കുറിച്ചും പദ്ധതി ബാധിതർക്ക് അനുകൂല നിലപാടാണുള്ളത്. എങ്കിലും പദ്ധതി ബാധിതർക്ക് ഉണ്ടായേക്കാവുന്ന ആഘാതങ്ങൾ കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിത കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 23/09/2015 തിയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No. 485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള പുനരധിവാസ പുനസ്ഥാപന നടപടികൾ കൈക്കൊള്ളുക.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സർക്കാരിൻെറ ഉടമസ്ഥതയിലുള്ള തൊഴിൽ നൈപുണ്യ വകുപ്പിൻെറ കീഴിലുള്ള 2013 ലെ കമ്പനി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു നോൺ – പ്രോഫിറ്റ് സ്ഥാപനമാണ് ഭവനം ഫൗണ്ടേഷൻ കേരള. ബഹുമാനപ്പെട്ട തൊഴിൽ, നൈപുണ്യ എക്സൈസ് മന്ത്രി ശ്രീ. ടി.പി.രാമകൃഷ്ണനാണ് കമ്പനി ചെയർമാൻ. ശ്രീ.അജിത് ബാലകൃഷ്ണൻ, ശ്രീ. ശിവൻകുട്ടി നായർ, ശ്രീ.വാസുദേവൻ പിള്ള, ശ്രീ.റെജി ജോൺ, ശ്രീ. .രാമകൃഷ്ണൻ താഴത്തെ പറമ്പിൽ, കരിയപ്പ ബൊല്ലാണ്ട പണ്ഡുരംഗ, കുമാരി. ആശ തോമസ്, ശ്രീ. ബിച്ചു ബാലൻ, ശ്രീ.ചുങ്കത്ത് പരീക്കാട്ട് വർക്കി സാജൻ, ശ്രീ.അബ്ദുൾ സലാം എന്നിവരാണ് ഭവനം ഫൗണ്ടേഷൻ കേരളയുടെ ഡയറക്ടർമാർ. കേരളത്തിലെ തൊഴിലാളികൾ, ദിവസ വേതനക്കാർ, കുറഞ്ഞ വരുമാ നമുള്ള തൊഴിലാളികൾ എന്നിവർക്ക് പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുകയും നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ കമ്പനിയുടെ ഉദ്ദേശ്യങ്ങൾ.

കൊച്ചിയിലെ ഇൻറഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻറ് വാട്ടർ ട്രാസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ പദ്ധതിയുടെ ആഘാത ബാധിതരുടെ പുനരധിവാസത്തിനായുള്ള പദ്ധതി ഭവനം ഫൗണ്ടേഷൻ കേരള വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി, കനാലുകളും സമീപപ്രദേശങ്ങളും വികസിപ്പിക്കുന്നതിനുള്ള കേരള സർക്കാരിൻെറ കീഴിലുള്ള കേരള ഷിപ്പിംഗ് ആൻറ് ഇൻലാൻഡ് നേവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിൻെറ ഒരു പദ്ധതിയാണ്. IURWTS പദ്ധതിക്കുവേണ്ടി ഒരു പുതിയ സ്പെഷ്യൽ

പർപ്പസ് വെഹിക്കിൾ ആയി കൊച്ചി മെട്രോ റെയിൽ ലിമിറ്റ ഡിനെ (KMRL) കേരള സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി കേരളത്തിൻെറ ഒരു വ്യവസ്സായ തലസ്ഥാനവും, വികസ്വര മെട്രോ നഗരവുമാണ്. കൊച്ചി നഗരത്തിൻെറ 25% ജലാശയങ്ങളാലും കനാലുകളാലും ചുറ്റപ്പെട്ടിരിക്കുന്നു. കൊച്ചി നഗരത്തിൽ 5 കനാലുകൾ ഉൾപ്പെടുന്നു. അവയാണ് തേവര–പേരണ്ടൂർ കനാൽ (11.5 കി.മീ), തേവര കനാൽ (1.405 കി.മീ), മാർക്കറ്റ് കനാൽ(0.664 കി.മീ), ചിലവന്നൂർ കനാൽ (9.88 കി.മീ), ഇടപ്പള്ളി കനാൽ (11.23 കി.മീ). മുൻപ് യാത്രയ്ക്കും ചരക്കുകളുടെ ഗതാഗതത്തിനും ഈ കനാലുകൾക്ക് വലിയ പങ്കുണ്ടായിരുന്നു. റോഡ്, റെയിൽ ഗതാഗതത്തിൽ വികസനം ഉണ്ടായതിനാൽ ഉൾനാടൻ ജലപാത അവഗണിക്കപ്പെട്ടു. അശാസ്ത്രീയമായ മാലിന്യ സംസ്കരണവും മാലിന്യങ്ങൾ കനാലിലേയ്ക്ക് വലിച്ചെ റിയുന്നതും ജലമാർഗ്ഗങ്ങൾ പ്രവർത്തന രഹിതമാക്കി. കനാലുകളിലൂടെയുള്ള ഗതാ ഗതം വികസിപ്പിക്കുക, വികസനാടിസ്ഥാനത്തിൽ കൊച്ചി നഗരത്തെ പുനരുജ്ജീ വിപ്പിക്കുക, ടൂറിസം ശക്തപ്പെടുത്തുക, കൊച്ചി നഗരത്തിൻെറ ജീവിത നിലവാരം ഉയർത്തുക, ശരിയായ മാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ നഗരവത്കരണം എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ കനാലുകൾ കൃത്യമായി വികസിപ്പിക്കുക യാണെങ്കിൽ അത് നഗരത്തിൻെറ മുഖഛായയ്ക്ക് തന്നെ മാറ്റം വരുത്തും.

കനാൽ ഗതാഗതം വികസിപ്പിക്കുകയും കൊച്ചി നഗരത്തെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയുടെ കനാലുകൾക്ക് സമീപം താമസിക്കുന്ന കുടുംബങ്ങളെ പുനര ധിവസിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട്, IURWTS പദ്ധതിയുടെ ആഘാത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി 400 അപ്പാർട്ട്മെൻറുകൾ നിർമ്മിച്ച് സമഗ്രമായ ടൗൺ ഷിപ്പ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതനുസരിച്ച് കണയന്നൂർ താലൂക്കിലെ കാക്ക നാട് വില്ലേജിലെ അനുയോജ്യമായ 7.73 ഏക്കർ സ്ഥലം ഭവനം ഫൗണ്ടേഷൻ കേരള കണ്ടെത്തുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുകയും ചെയ്തു. കോസ്റ്റൽ ഷിപ്പിംഗ് ഇൻലാൻഡ് നേവിഗേഷൻ വകുപ്പിൻെറ 12.11.2018 തീയതിയിലെ വിജ്ഞാപനം നമ്പർ G.O/(MS) NO.07/2018/ CSIND പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

കൊച്ചിയിലെ അർബൻ റീജനറേഷൻ ആൻറ് ഇൻറഗ്രേറ്റഡ് വാട്ടർ ട്രാസ്പോർട്ട് സിസ്റ്റം പദ്ധതിയുടെ ഭാഗമായി ധാരാളം കുടുംബങ്ങൾ അവരുടെ സ്വന്തം ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെടും. ഇത് അവരുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിയ്ക്കും. അതുകൊണ്ട്, ഇവരുടെ ജീവിതചര്യകൾക്ക് മാറ്റം വരാതെ ഇവരെ പുനരധിവസിപ്പിക്കുക എന്നത് സർക്കാരിൻെറ ഒരു വെല്ലുവിളിയാണ്.

കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിലെ 7.73 ഏക്കർ സ്ഥലം ഇതിലേയ്ക്കായി കണ്ടെത്തുകയും 10.02.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 427ൽ റവന്യൂ (ബി) വകുപ്പ് ഒരു പൊതു ആവശ്യത്തിലേയ്ക്ക് ആവശ്യമായി വന്നേക്കാമെന്ന് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015ലെ ചട്ടം 10 പ്രകാരം ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനു വേണ്ടി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)f അനുശാസിക്കുന്ന പദ്ധതി പൊതു താത്പര്യത്തിൻ കീഴിൽ വരുന്നു.

### 2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 528/8p, 528/11, 528/12, 499/1 എന്നിവ ഉൾപ്പെടുന്ന കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിൽ 7.73 ഏക്കർ സ്ഥലമാണ് പുനരധിവാസ പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി പ്രദേശം പ്രധാനമായും മരങ്ങളും ചെടികളും നിറഞ്ഞതാണ്. IURWTS പദ്ധതിയുടെ ആഘാത ബാധിതർക്കും കോന്തുരുത്തി മാനവ നഗർ കോളനി പ്രദേശത്തിനുമായാണ് നിർദ്ദിഷ്ട പുനരധിവാസ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. 700 ചതുരശ്രയടി വിസ്തീർണ്ണമുള്ള 400 ഓളം പാർപ്പിട യൂണിറ്റുകൾ 10 നിലകളിലുള്ള 10 ടവറുകളിലായി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ടവറിലും 40 യൂണിറ്റുകൾ ഉണ്ടാകും.

### 2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് IURWTS പദ്ധതിയുടെ ആഘാത ബാധിതരെ പുനരധി വസിപ്പിക്കുന്നതിന് പ്രസ്തുത പ്രദേശം

അനുയോജ്യമായതിനാലും ഭൂമി ഏറ്റെടുക്കൽ മൂലം കുറഞ്ഞ പ്രത്യാഘാതങ്ങളെ ഉണ്ടാകൂ എന്നതിനാലും മറ്റ് ഇതര മാർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല.

**2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

700 ചതുരശ്രയടി വിസ്തീർണ്ണമുള്ള 400 ഓളം പാർപ്പിട യൂണിറ്റുകൾ 10 നിലകളുള്ള 10 ടവറുകളിലായി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ടവറിലും 40 യൂണിറ്റുകൾ ഉണ്ടാകും. വിശദമായ പദ്ധതി രേഖ തയ്യാറാക്കികൊണ്ടിരിക്കുന്നതിനാൽ പദ്ധതിയുടെ ഘട്ടങ്ങൾ അന്തിമമാക്കിയിട്ടില്ല.

**2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

IURWTS പദ്ധതിയുടെ ആഘാത ബാധിതരേയും കോന്തുരുത്തി മാനവനഗർ കോളനി കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനാണ് നിർദ്ദിഷ്ട പുനരധിവാസ പദ്ധതി. 700 ചതുരശ്രയടി വിസ്തീർണ്ണമുള്ള 400 ഓളം പാർപ്പിട യൂണിറ്റുകൾ 10 നിലകളുള്ള 10 ടവറുകളിലായി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ടവറിലും 40 യൂണിറ്റുകൾ ഉണ്ടാകും.

**2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

പാർപ്പിട യൂണിറ്റുകൾ കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, വഴി സൗകര്യം എന്നിവയും ഉറപ്പാക്കും.

**2.8 ആവശ്യമായ തൊഴിൽ ശക്തി**

വിശദമായ പദ്ധതി രേഖ തയ്യാറാക്കി കൊണ്ടിരിക്കുന്നതിനാൽ തൊഴിൽ ശക്തി അന്തിമമാക്കിയിട്ടില്ല.

**2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ**

ഭവനം ഫൗണ്ടേഷൻ ചുമതലപ്പെടുത്തിയതു പ്രകാരം IURWTS പദ്ധതി കൊച്ചി സ്കീമിന്റെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം രാജഗിരി ഔട്ട്റീച്ച് നിർവ്വഹിച്ചിട്ടുണ്ട്. IURWTS പദ്ധതിയുടെ ആഘാത പ്രദേശങ്ങളായ ഇടപ്പള്ളി കനാൽ, മാർക്കറ്റ് കനാൽ, തേവര കനാൽ, ചിലവന്നൂർ കനാൽ, തേവര – പേരണ്ടൂർ കനാൽ എന്നിവിടങ്ങളിലാണ് പഠനം നടത്തിയത്. IURWTS പദ്ധതിയുടെ ആഘാത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കാക്കനാട് വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

**2.10 ബാധകമായ നിയമങ്ങളും നയങ്ങളും**

എറണാകുളം ജില്ലയിൽ തൃക്കാക്കര നഗരസഭയിലെ കണയന്നൂർ താലൂക്കിലെ IURWTS പദ്ധതിയുടെ ആഘാത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017) തീയതിയിലെ G.O(MS No.448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ് ഥാന സർക്കാരിൻെറ നയം
- വിവരവകാശ നിയമം

# അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

10.02.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 427ൽ പ്രസിദ്ധീകരിച്ച കേരള സർക്കാരിന്റെ 10.02.2020 തീയതിയിലെ വിജ്ഞാപനം നമ്പർ. G.O(P)No.11/2020/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 4 (1) പ്രതിപാദിക്കുന്ന സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. അത് പ്രകാരം സമാന പദ്ധതികളിൽ പ്രവർത്തിച്ച് അനുഭവ സമ്പന്നരായ അംഗങ്ങളെ ഉൾപ്പെടുത്തി ഓരോ അംഗങ്ങൾക്കും പ്രത്യേകമായ ചുമതലകളും ഉത്തരവാദിത്തങ്ങളും നൽകി ഒരു പഠന സംഘത്തിന് രൂപം നൽകി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ്, കളമശ്ശേരിയുടെ ഡയറക്ടർ ആണ് ഈ പഠനത്തിന് നേതൃത്വം നൽകുന്നത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലും സാമൂഹ്യ-സാമ്പത്തിക സർവ്വേയിലും അനുഭവസമ്പത്തുള്ള 5 അംഗ സംഘത്തെ ഫീൽഡ് തല വിവര ശേഖരണത്തിനും വിവരശേഖരണത്തെ വിലയിരുത്തുന്നതിനും പഠനത്തെ ഏകോ പിപ്പിക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രതിനിധികൾ ആഘാ ത ബാധിത കുടുംബങ്ങളെ കണ്ടെത്തുവാൻ അന്വേഷകരെ സഹായി ച്ചിട്ടുണ്ട്.

പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1 പഠന സംഘം**

| ക്രമ നമ്പ | പേര് | വിദ്യാഭ്യാസയോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|

| ർ | | | |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | പി.എച്ച്.ഡി.. എം.എ(എച്ച്.ആർ.എം), എൽ.എൽ.ബി. കൺസൾട്ടൻറ്, | അദ്ധ്യാപന ഗവേഷണ മേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 2 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, ചെയർപേർസൺ | വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം |
| 3 | മരിയ ടെൻസി വി.എസ് | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 28 വർഷത്തെ |
| 4 | ബിജു സി.പി. | ബി.എ, ഡവലപ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 28 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ജെയ്സി.കെ. എം | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്, | വികസനമേഖലയിൽ 1 വർഷത്തെ പ്രവർത്തന പരിചയം |

### 3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

സ്പെഷ്യൽ തഹസിൽദാർ (എൽ.എ, എൻ.എച്ച്. നമ്പർ 1, എറണാകുളം) പ്രസിദ്ധീകരിച്ച ഭൂമി വിവരങ്ങൾ പ്രകാരം പദ്ധതി പ്രദേശം ശ്രീ.രാജേന്ദ്ര മേത്ത, ശ്രീ. സന്ദീപ് മേത്ത എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രദേശത്തിൻെറയും അതിലെ വസ്തു വകകളെയും വിലയിരുത്തുകയും ചെയ്തു. സന്ദർശനസമയത്ത് ആഘാത ബാധിതർ കേരളത്തിന് പുറത്താണ് താമസിക്കുന്നതെന്ന് രേഖപ്പെടുത്തിയിരുന്നു. അതിനാൽ പഠന സംഘത്തിലെ അന്വേഷകർ ആഘാത ബാധിത കുടുംബങ്ങളെ സമീപിക്കുകയും

കുടുംബത്തിൻെറ സാമൂഹ്യ- സാമ്പത്തിക പശ്ചാത്തലം, ഭൂമി വിവരങ്ങൾ, ഭൂമി ഏറ്റെടുക്കലിനെക്കുറിച്ച് ആഘാത ബാധിതരുടെ കാഴ്ചപ്പാട് എന്നിവയടങ്ങുന്ന മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തുകയും ചെയ്തു. തുടർന്ന് വരുന്ന അദ്ധ്യായങ്ങളിൽ നൽകിയിരിക്കുന്ന കണ്ടെത്തലുകളും നിർദ്ദേശങ്ങളും 2 ആഘാത ബാധിത കുടുംബ ങ്ങളിൽ നടത്തിയ ചോദ്യാവലി സർവ്വെയുടെയും പദ്ധതി പ്രദേശത്ത് നടത്തിയ ക്വാളിറ്റീവ് വിവര ശേഖരണ ത്തിൻെറയും അടിസ്ഥാനത്തിലാണ്.

ഭൂമി ഏറ്റെടുക്കലിൻെറ തുടർന്നുള്ള പ്രക്രിയയ്ക്ക് വേണ്ടി വിദഗ്ദ്ധസംഘം ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുകയും നിഗമനങ്ങളിലെത്തുകയും സാമൂഹ്യ- പ്രത്യാഘാത നിയന്ത്രണ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. പബ്ലിക് ഹിയറിംഗിൽ സമർപ്പിക്കുന്നതിനായി സാമൂഹ്യ പ്രത്യാഘാത പഠനത്തിൻെറ കരട്രേഖ ഇംഗ്ലീ ഷിലും മലയാളത്തിലും തയ്യാറാക്കി. ചുരുക്കത്തിൽ, പഠനത്തിൻെറ ഘട്ടങ്ങൾ താഴെ പറയുന്നവയാണ്.

* ഭവനം ഫൗണ്ടേഷൻ കേരളയിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കാക്കനാട് നിന്നും ലഭിച്ച പ്രധാന രേഖകളുടെ പഠനം

* പദ്ധതി പ്രദേശം സന്ദർശിക്കൽ

*സാമൂഹ്യ-സാമ്പത്തിക സർവ്വെയും ആഘാത വസ്തുവകകളുടെ തിട്ടപ്പെടു ത്തലും

* സാമൂഹ്യ-സാമ്പത്തിക സർവ്വെയ് വിവരങ്ങളുടെ വിശകലനം

* കരട് രേഖ തയ്യാറാക്കൽ

* പബ്ലിക് ഹിയറിംഗ് സംഘടിപ്പിക്കൽ

**3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

പദ്ധതിയ്ക്ക് വേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂലമുണ്ടായേക്കാവുന്ന പ്രത്യാഘാതത്തിൻെറയും അളവ് ഓരോ വ്യക്തികൾക്കും വ്യത്യസ്തമാകയാൽ മാതൃകാ പരിശോധനാ രീതിയേക്കാൾ സാമൂഹ്യ-സാമ്പത്തിക സർവ്വെയാണ് പഠനത്തിന് അഭികാമ്യമാകുന്നത്. കൂടാതെ, വിവരദാതാക്കളുടെ എണ്ണം 2 ഭൂവുടമകൾ മാത്രമായ തിനാൽ നിശ്ചിത സമയത്തിനകം വിവര ശേഖരണം നടത്തുവാൻ കഴിഞ്ഞു.

### 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

ക്വാളിറ്റേറ്റീവും ക്വാൺടിറ്റേറ്റീവും ആയ ഗവേഷകർ പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ശേഖരിക്കുകയും വിശകലനം നടത്തുകയും ചെയ്തു. ഭവനം/റവന്യൂ/ പഞ്ചായത്ത്/സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് ഫീൽഡ് ഇൻ വെസ്റ്റിഗേ റ്റേഴ്സ് പല ഘട്ടങ്ങളിൽ ആയി ദ്വിതീയ വിവരങ്ങൾ ശേഖരിക്കുകയും, പഠനത്തി നായി ഉപയോഗിക്കുകയും ചെയ്തു.

ആഘാത ബാധിതരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാത സർവ്വെയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു തനതായ ചോദ്യാവലി തയ്യാറാക്കുകയും പരിശോധിക്കുകയും ശേഖരിച്ച വിവരങ്ങൾ സ്ഥിരീകരിക്കുകയും ചെയ്തു. ജനസം ഖ്യാപരം, സാമ്പത്തിക, കുടുംബം, ഉപജീവനമാർഗ്ഗം, പദ്ധതി ബാധിതമാകുന്ന വസ്തു വകകളുടെ വിവരം, പ്രത്യാഘാത അളവ് എന്നീ വിവരങ്ങൾ ലഭ്യമാകുന്ന ചോദ്യ ങ്ങൾ ആണ് ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഭൂവുടമകൾ ഫോണിലൂ ടെയാണ് സർവ്വേയിൽ പങ്കെടുത്തത്. പ്രതികരണങ്ങളും ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്യുകയും ഇതിന്റെ വെളിച്ച ത്തിൽ ലഭിച്ച കണ്ടെത്തലുകളും നിർദ്ദേശ ങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

പഠനത്തിന്റെ ഭാഗമായി വിവിധ യോഗങ്ങളും അഭിമുഖങ്ങളും ചർച്ചകളും പ്രധാന വ്യക്തികളുമായി നടത്തുകയുണ്ടായി.

**പട്ടിക 3.5.1 മീറ്റിങ്ങുകളുടെ സമയക്രമം**

| തീയതി | പ്രവർത്തനങ്ങൾ | വേദി |
|---|---|---|
| 13.02.2020 | ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥരുമായുള്ള, കൂടിക്കാഴ്ച്ച | സിവിൽ സ്റ്റേഷൻ, കാക്കനാട് |
| 14.02.2020 | പദ്ധതി പ്രദേശം സന്ദർശിക്കൽ | കാക്കനാട് വില്ലേജ്, തൃക്കാക്കര |

| | | |
|---|---|---|
| 24.02.2020 | നോട്ടീസ് വിതരണവും പബ്ലിക് ഹിയറിംഗിനെ പറ്റി യുള്ള വിവര പ്രചാരണവും | ഈമെയിലിലൂടെ |
| 10.03.2020 | പബ്ലിക് ഹിയറിങ്ങ് | രാജഗിരി സ്കൂൾ ഓഫ് മാനേജ്മെൻറ് കാക്കനാട്, |

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

IURWTS പദ്ധതിയുടെ ആഘാത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി കണയന്നൂർ താലൂക്കിലെ കാക്കനാട് വിലേജിൽ കണ്ടെത്തിയ 7.73 ഏക്കർ സ്ഥലം പ്രസ്തുത പദ്ധതി ഭൂമി ഏറ്റെടുക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. പദ്ധതി പ്രദേശം 2 ആഘാത ബാധിത വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതും നിലവിൽ തോട്ടമായി ഉപയോഗിക്കുന്നതുമാണ്. പദ്ധതി പ്രദേശം തൃക്കാക്കര നഗരസഭയിൽ ഉൾപ്പെടുന്നതും കാക്കനാട് ടൗണിൽ നിന്നു ഏകദേശം 5 കി.മീറ്ററും കാക്കനാട് ജില്ലാ ഭരണകൂടത്തിൻെറ കാര്യാലയത്തിൽ നിന്ന് 2.5 കി.മീറ്ററും അകലെയായാണ് സ്ഥിതി ചെയ്യുന്നത്. സർവ്വേ നമ്പർ 499/1 ഒഴിച്ച് മറ്റു സ്ഥലങ്ങൾ എല്ലാം പുരയിടം വിഭാഗത്തിൽ പെടുന്നതും സർവ്വേ നമ്പർ 499/1 നിലം വിഭാഗത്തിൽ പെടുന്നതും ആണ്.

## 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

കാക്കനാട് തൃക്കാക്കര നഗരസഭയുടെയും കണയന്നൂർ താലൂക്കിൻെറയും കീഴിൽ വരുന്നതും എറണാകുളത്ത് നിന്ന് 10 കി.മീ. അകലെ സ്ഥിതി ചെയ്യുന്നതുമാണ്. കേരളത്തിലെ കൊച്ചി സിറ്റിയിലെ വളരെ വേഗത്തിൽ വളരുന്ന ഭാഗമാണ് കാക്ക നാട്. ഈ പ്രദേശം എറണാകുളം ജില്ലയിലെ ഭരണ സംബന്ധമായ ആസ്ഥാനം കൂടിയാണ്. ഇതിലൂടെ കടന്നുപോകുന്ന സീപോർട്ട്-എയർപോർട്ട് റോഡ് ഇൻഫോ പാർക്ക് റോഡുമായി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ അടുത്ത പ്രദേശങ്ങളുമായി മികച്ച

ബന്ധപ്പെടൽ സാധ്യമാണ്. കൊച്ചിയിലെ വ്യവസായിക അടിത്തറയുടെ ഒരു ഭാഗമാണ് കാക്കനാട്. കൂടാതെ നിരവധി ഐ.ടി, എം.എൻ.സി. കമ്പനികളും ഈ സ്ഥലത്തെ ഒരു പ്രധാന സ്ഥലമാക്കി മാറ്റുന്നു. സമീപത്തുള്ള ബസ് സ്റ്റേഷനുകളിൽ നിന്ന് ധാരാളം ബസുകൾ ഉള്ളതിനാൽ യാത്രക്കാർക്ക് എളുപ്പത്തിൽ യാത്ര ചെയ്യാൻ കഴിയും.

രാജഗിരി സെൻറർ ഫോർ ബിസിനസ്സ് സ്റ്റഡീസ്, രാജഗിരി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ഭവൻസ് ആദർശ വിദ്യാലയം, ക്രിസ്തു ജയന്തി പബ്ലിക് സ്കൂൾ എന്നിങ്ങനെ തുടങ്ങിയ ധാരാളം സ്കൂളുകളും കോളേജുകളും പരിസരപ്രദേശത്തുണ്ട്. വിനോദത്തിനും വിശ്രമത്തി നുമായി വീഗാലാൻറ് വാട്ടർതീം പാർക്കും പരിസര പ്രദേശത്ത് ഉണ്ട്. കൂടാതെ, പല മതവിശ്വാസങ്ങളുടെയും മതസ്ഥാപനങ്ങളും ഉണ്ട്.

പദ്ധതി പ്രദേശം കാക്കനാട് ടൗണിൽ നിന്ന് 6 കി.മീറ്ററും ഭാവനാസ് ആദർശ വിദ്യാലയത്തിൽ നിന്ന് 200 മീറ്റർ അകലെയുമായാണ് സ്ഥിതി ചെയ്യുന്നത്. ഇത് പല തരത്തിലുള്ള മരങ്ങളാൽ നിറഞ്ഞ കാർഷിക ഭൂമിയാണ്. തൃപ്പൂണിത്തുറ, എറണാ കുളം, ആലുവ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള റോഡുകളിലൂടെ ഈ പ്രദേശ ത്തേക്ക് പ്രവേശന മാർഗ്ഗമുണ്ട്.

**ചിത്രം 4.2.1. പദ്ധതി പ്രദേശം**





**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിൽ 528/8 ഭാഗം, 528/11, 528/12, 499/1 എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 7.73 ഏക്കർ സ്ഥലത്താണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്. റവന്യൂ റെക്കോർഡുകളിൽ ഇത് പുരയിടം, നിലം എന്നിങ്ങനെ തിരിച്ചിരിക്കുന്നതും കാർഷികാവശ്യത്തിനായി നിലവിൽ ഉപയോഗിച്ചു വരുന്നതുമാണ്.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പദ്ധതി പ്രദേശത്തിനടുത്ത് പൊതു ഉപയോഗത്തിനുള്ള സ്ഥലങ്ങളില്ല.

**4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നിലവിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പദ്ധതിയ്ക്ക് വേണ്ടി സ്ഥലങ്ങൾ വാങ്ങുകയോ, പാട്ടത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

IURWTS പദ്ധതിയുടെ ആഘാതബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി 7.73 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. 700 ചതുരശ്രയടി വിസ്തീർണ്ണ മുള്ള 400 ഓളം പാർപ്പിട യൂണിറ്റുകൾ 10 നിലകളിലുള്ള 10 ടവറുകളിലായി നിർമ്മി ക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ടവറിലും 40 യൂണിറ്റുകൾ ഉണ്ടാകും.

**4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പദ്ധതി പ്രദേശം കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിൽ ഉൾപ്പെടുന്നതും ചുറ്റുമുള്ള പ്രദേശങ്ങൾ വ്യവസായത്തിനും കമ്പനികൾക്കും പേരുകേട്ടതുമാണ്. പദ്ധതി പ്രദേശത്തിൻെറ അതിർത്തിയിലുള്ള ചിത്രപ്പുഴയിലേക്ക് ഒഴുകുന്ന കനാൽ പദ്ധതി പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുന്നു. പദ്ധതി പ്രദേശം കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. തെങ്ങ്, തേക്ക്, പ്ലാവ് തുടങ്ങി മറ്റ് നിരവധി മരങ്ങളും, സസ്യങ്ങളും പദ്ധതി പ്രദേശത്തുണ്ട്. പദ്ധതി പ്രദേശം താമസിക്കാൻ അനുയോജ്യ മായതിനാലും പ്രധാന പട്ടണങ്ങളിലേക്കും ഭരണ ആസ്ഥാനത്തേയ്ക്കും എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുമെന്നതിനാലും IURWTS പദ്ധതിയുടെ ആഘാത ബാധി

തർക്ക് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി മറ്റ് എല്ലാ സൗകര്യങ്ങളും നേടുന്നതിന് സഹായകരമാണ്.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

2 ആഘാത ബാധിത വ്യക്തികളിൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെ അനുസരിച്ച് പദ്ധതിപ്രദേശം പുരയിടം, നിലം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നതും നിലവിൽ കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമാണ്. കനാലിൻെറയും കുളത്തിൻെറയും സാമീപ്യമുള്ളതിനാൽ തെങ്ങും മറ്റ് നിരവധി മരങ്ങളും പ്രദേശത്ത് കൃഷി ചെയ്യുന്നു. പ്രദേശം കൃഷിയ്ക്കും താമസത്തിനും ജലസമ്പന്നമാണ്. കൃഷിയുടെ ജലസ്രോതസ്സാണ് കുളം. കൂടാതെ 3 നിർമ്മിതികളും (തൊഴുത്ത്,പമ്പ് ഹൗസ്, ചായ്പ്) പദ്ധതി പ്രദേശത്തുണ്ട്. പദ്ധതി പ്രദേശത്ത് പല തരത്തിലുള്ള വിളകളുണ്ട്. പട്ടിക 4.7.1.-ൽ ആഘാത മരങ്ങളുടെ തരവും എണ്ണവും വിവരിക്കുന്നു.

**പട്ടിക 4.7.1. വിളകളുടെയും മരങ്ങളുടെയും കണക്ക്**

| ക്രമ നമ്പർ | മരങ്ങളുടെ/വിളകളുടെ തരം | എണ്ണം |
|---|---|---|
| 1 | തെങ്ങ് | 267 |
| 2 | തേക്ക് | 40 |
| 3 | പ്ലാവ് | 18 |
| 4 | മാവ് | 8 |
| 5 | കശുവണ്ടി | 2 |
| 6 | പൈൻ മരം | 3 |
| 7 | പുളിമരം | 5 |
| 8 | മുള | 3 |
| 9 | പൈനാപ്പിൾ | 300 |
| 10 | മഹാഗണി | 3 |
| 11 | ബട്ടർ ഫ്രൂട്ട് | 1 |
| 12 | മുട്ടമരം | 1 |
| 13 | അകേഷ്യ | 4 |

| | | |
|---|---|---|
| 14 | ആഞ്ഞിലി | 25 |
| 15 | മുരിക്ക് | 3 |
| 16 | വട്ട | 122 |
| 17 | മറ്റ് മരങ്ങൾ | 93 |

### 4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

നിർദ്ദിഷ്ട പുനരധിവാസ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന 7.73 ഏക്കർ സ്ഥലം ബന്ധുക്കളായ 2 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും സർവ്വേയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത സ്ഥലം ഉടമകൾ 2007 ൽ വാങ്ങിയതുമാണ്. നിലവിൽ പദ്ധതി ആഘാത പ്രദേശത്ത് ആരും തന്നെ താമസിക്കുന്നില്ല. ആയതിനാൽ വീടുകൾ ഒന്നും പദ്ധതി ബാധിതമാകുന്ന വസ്തുവകകളില്ലായെങ്കിലും കൃഷിക്കുപയോഗിച്ചിരുന്ന 3 നിർമ്മിതികൾ പദ്ധതി പ്രദേശത്തുണ്ട്. കാർഷിക ആവശ്യത്തിനുപയോഗിക്കുന്ന 3 കെട്ടിടങ്ങൾ നഷ്ടമാകുന്നതൊഴിച്ചാൽ വീടുകളൊന്നും ആഘാതബാധിതമാകുന്നില്ല.

### 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

പ്രദേശത്തെ അടുത്തിടെ നടന്ന ഭൂമി ഇടപാടുകൾ അനുസരിച്ച് പ്രദേശത്തെ വിപണി നിലവാരം ആറിന് ഏകദേശം 12,70,500/- രൂപയാണ്. കഴിഞ്ഞ 3 വർഷത്തിനിടയിൽ പദ്ധതി പ്രദേശത്ത് യാതൊരുവിധ ക്രയവിക്രയങ്ങളും നടന്നിട്ടില്ല. കൂടാതെ പദ്ധതി പ്രദേശത്തിൻെറ ഉപയോഗത്തിനോ, കൃഷിയ്ക്കോ പ്രധാന മാറ്റങ്ങളൊന്നും വന്നിട്ടില്ല.

# അദ്ധ്യായം 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

**5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ**

ഗവണ്മെൻറിൻെറ പ്രിൻസിപ്പാൾ സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയ 10/02/2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 427 അനുസരിച്ച് IURWTS പദ്ധതിയുടെ ആഘാതബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി 7.73 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ഈ പ്രദേശം 2 വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. 2 ആഘാത കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തുടർന്നുവരുന്ന ഉപ-അധ്യായങ്ങളിൽ നൽകിയിരിക്കുന്നു.

**5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)**

ഭൂമിയുടെ തരം, സർവ്വെ നമ്പർ, ഭൂമിയുടെ വിസ്തീർണ്ണം എന്നിവയുൾപ്പെടെ ആഘാത കുടുംബങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പട്ടിക 5.1.1. പ്രത്യാഘാതബാധിത കുടുംബങ്ങൾ**

| ക്രമ നമ്പർ | ആഘാത ബാധിതരുടെ പേരും വിലാസവും | സർവ്വെ നമ്പർ | തരം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | രാജേന്ദ്ര മേത്ത, നമ്പർ11,സോമസുന്ദരം സ്ട്രീറ്റ്,ചെന്നൈ-17 | 528/8ഭാഗം 528/11, 528/12 | പുരയിടം | 7.73 |
| 2 | സന്ദീപ് മേത്ത, | 499/1 | നിലം | |

| | | | | |
|---|---|---|---|---|
| | നമ്പർ11,സോമസുന്ദരം സ്ട്രീറ്റ്,ചെന്നൈ-17 | | | |

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പട്ടികവിഭാഗത്തിൽ ഉൾപ്പെടുന്നതോ പ്രത്യേക വനാവകാശ നിയമത്തിൻ കീഴിൽ വരുന്നതൊ ആയ ആളുകൾ ആഘാത ബാധിതമാകുന്നില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം യാതൊരുവിധ പൊതുവിഭവങ്ങൾക്ക് ആഘാത മേൽക്കുന്നില്ല.

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇത്തരത്തിലുള്ള കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഇത്തരത്തിലുള്ള കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോ പാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം യാതൊരു കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗത്തെ ബാധിക്കപ്പെടുന്നില്ല.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

IURWTS പദ്ധതിയുടെ ആഘാതബാധിതരെ കാക്കനാട് വില്ലേജിലേക്ക് പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി കുടുംബങ്ങളോ, വ്യക്തികളോ പരോക്ഷ ആഘാത ബാധിതരകുന്നില്ല.

**5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതി പ്രദേശം പ്രധാനമായും മരങ്ങളും, ചെടികളും നിറഞ്ഞതാണ് 7.73 ഏക്കറുള്ള പദ്ധതിപ്രദേശത്ത് തെങ്ങ്, തേക്ക്, പ്ലാവ്, ആഞ്ഞിലി, മാവ്, കശുമാവ് എന്നീ മരങ്ങൾക്ക് പുറമെ 23 ഇനങ്ങളിൽപ്പെട്ട ഏകദേശം 900 മരങ്ങൾ ആഘാത ബാധിതമാകും. തൊഴുത്ത്, പമ്പ് ഹൗസ്, ചായ്പ് തുടങ്ങിയ 3 കെട്ടിടങ്ങളും ആഘാതബാധിതരാകും. കൂടാതെ ഒരു ജലാശയവും പദ്ധതി പ്രദേശത്ത് കണ്ടെത്തി യിട്ടുണ്ട്.

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം

# (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

## 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമൂലം 2 കുടുംബങ്ങൾ ആഘാത ബാധിതരാകുന്നു. ഈ കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**പട്ടിക 6.1.1. പ്രായവും ലിംഗവും**

| വയസ്സ് | ലിംഗം | | ആകെ |
|---|---|---|---|
| | സ്ത്രീ | പുരുഷൻ | |
| 0-18 | ഇല്ല | ഇല്ല | ഇല്ല |
| 19-30 | ഇല്ല | ഇല്ല | ഇല്ല |
| 31-45 | ഇല്ല | ഇല്ല | ഇല്ല |
| 46-59 | 1 | 2 | 3 |
| 60–നുമുകളിൽ | 1 | ഇല്ല | 1 |
| ആകെ | 2 | 2 | 4 |

പട്ടിക 6.1.1 –ൽ പ്രതിപാദിക്കുന്നത് പദ്ധതി ആഘാത വ്യക്തികളുടെ പ്രായവും ലിംഗവും ആണ്. ആഘാത കുടുംബങ്ങളിലെ 4 അംഗങ്ങളിൽ രണ്ടു പുരുഷന്മാരും 2 സ്ത്രീകളും ആണ് ഉള്ളത്. ഇതിൽ ഒരു പുരുഷനും 2 സ്ത്രീകളും 46, 59 പ്രായ വിഭാഗത്തിൽ പ്പെടുന്നു. ബാക്കിയുള്ള ഒരു പുരുഷൻ 60 വയസ്സിനു മുകളിലുള്ള പ്രായ വിഭാഗത്തിൽപ്പെടുന്നു.

**മത സാമൂഹ്യ വിഭാഗം**

ആഘാതബാധിത വ്യക്തികൾ എല്ലാവരും ഹിന്ദുമതത്തിൽപ്പെടുന്നവരും പൊതുവിഭാഗ ത്തിൽപ്പെടുന്നവരുമാണ്.

**വൈവാഹികാവസ്ഥയും വിദ്യാഭ്യാസയോഗ്യതയും**

എല്ലാ അംഗങ്ങളും വിവാഹിതരാണ്. വിദ്യാഭ്യാസ യോഗ്യത ലഭ്യമല്ല. ആഘാത ബാധിത കുടുംബങ്ങൾ ഉപജീവനത്തിനായി ബിസിനസ്സിനെ ആശ്രയിക്കുന്നു.

## 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

ആഘാതബാധിത കുടുംബങ്ങളുടെ മാസവരുമാനവും മാസചെലവും ലഭ്യമല്ല. ഇവർക്ക് റേഷൻ കാർഡ് ഇല്ല.

## 6.3 ദുർബ്ബലജനവിഭാഗം

60 വയസ്സിനു മുകളിൽ പ്രായമുള്ള ഒരു ആഘാതബാധിത കുടുംബാംഗത്തെ ദുർബല വിഭാഗമായി കണക്കാക്കുന്നു.

## 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

ആഘാത ബാധിത പ്രദേശം പുരയിടം, നിലം വിഭാഗങ്ങളിൽപ്പെടുന്നു. ഈ പ്രദേശം ഏകദേശം 9.00 മരങ്ങളും ചെടികളും നിറഞ്ഞതാണ്. ഇതൊരു ചെറിയൊരു കാടിനു സമാനമാണ് 267 തെങ്ങ്, 18 പ്ലാവ്, 3 കൂട് മുള , 2 കശുമാവ്, 8 മാവ്, മറ്റ് മരങ്ങൾ എന്നിവ മാറ്റി നിർത്തിയാൽ മറ്റ് കൃഷികളൊന്നും അവിടെയില്ല. ഭൂവുടമകൾ പദ്ധതി പ്രദേശത്തെ മരങ്ങളിൽ നിന്നോ വിളകളിൽ നിന്നോ വരുമാനം എടുക്കുന്നില്ല. ഇതൊരു ഭൂസ്വത്ത് മാത്രം ആയാണ് അവർ പരിഗണിക്കുന്നത്.

## 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

ഭൂമി ഏറ്റെടുക്കുന്നതുമൂലം പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും ആഘാതബാധിതമാകുന്നില്ല

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പ്രദേശത്തെ വലിയൊരു വിഭാഗം ഉന്നത/ഉപരിപഠന വിദ്യാഭ്യാസം പൂർത്തിയാക്കിയവരും ഗവണ്മെൻറ് -ഗവണ്മെൻറ് ഇതര സ്ഥാപനങ്ങളിൽ ഇന്ത്യയിലും വിദേശത്തുമായി ജോലി ചെയ്യുന്നവരുമാണ്.

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

സാമൂഹ്യ പ്രത്യാഘാത പഠന സംഘത്തിലെ നിരീക്ഷണത്തിൽ നിന്ന് പ്രദേശത്തെ ജനങ്ങൾ ഐക്യത്തോടും ഒത്തൊരുമയോടുമാണ് പ്രദേശത്തിൻെറ വികസനത്തിനു വേണ്ടി പ്രവർത്തിക്കുന്നത്. സ്കൂൾ, കോളേജ് വിദ്യാഭ്യാസം പ്രതിനിധാനം ചെയ്യുന്നത് ഭവൻസ് ആദർശ വിദ്യാലയം, രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിംഗ്, രാജഗിരി സെൻറർ ഫോർ ബിസിനസ്സ് സ്റ്റഡീസ്, ക്രിസ്തു ജയന്തി പബ്ലിക് സ്കൂള് എന്നിവ പ്രദേശത്ത് പ്രവർത്തിക്കുന്നു. തൃക്കാക്കര മുനിസിപ്പാലിറ്റി കോപ്പറേറ്റീവ് ആശുപത്രി, ദേശീയ ആയൂർവ്വേദ ആശുപത്രി, സൺറൈസ് ആശുപത്രി എന്നിവ പ്രദേശത്തെ ആളുകളുടെ ആരോഗ്യ സംരക്ഷണത്തെ സുഗമമാക്കുന്നു. കൂടാതെ, കുസുമഗിരി മാനസിക ആരോഗ്യ കേന്ദ്രവും കാക്കനാട് സ്ഥിതിചെയ്യുന്നു. കൂടാതെ, പ്രദേശത്ത് പല തരത്തിലുള്ള ക്ലബ്ബുകൾ, അസോസ്സിയേഷനുകൾ എന്നിവ കലാകായിക പ്രവർത്തനങ്ങളെ പരിപോ ഷിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു.

**6.8 ഭരണ സംഘടനകൾ**

ജില്ലാ കളക്ട്രേറ്റ്, ജില്ലാ പഞ്ചായത്ത് എന്നിവ കാക്കനാട് സ്ഥിതി ചെയ്യുന്നു. എല്ലാ പ്രധാന ഗവണ്മെൻറ് സ്ഥാപനങ്ങളും ഉൾപ്പെട്ട സിവിൽ സ്റ്റേഷൻ കാക്കനാട് ഉണ്ട്. കൂടാതെ കാക്കനാടിൽ എല്ലാ പ്രധാന ബാങ്കുകളുടെ ശാഖകളും ഉണ്ട്. ഇതു കൂടാതെ എറണാകുളം ജില്ലാ ജയിലും (സബ്ബ് ജയിൽ) കാക്കനാട് സ്ഥിതി ചെയ്യുന്നു.

**6.9 രാഷ്ട്രീയ സംഘടനകൾ**

പദ്ധതി പ്രദേശത്തിന് സമീപം ഒരു രാഷ്ടിയ സംഘടനയും സ്ഥിതി ചെയ്യുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പദ്ധതി പ്രദേശത്ത് ഹിന്ദു,മുസ്ലീ,ക്രിസ്ത്യൻ എന്നീ എല്ലാ പ്രധാന മതങ്ങളുടെയും സാന്നിദ്ധ്യം ഉണ്ട്. മാരിയമ്മൻ കോവിൽ, ഭഗവതി ക്ഷേത്രം ചിറ്റാറ്റുകര, ഭഗവതി ക്ഷേത്രം, കാക്കനാട് എന്നിവയാണ് പ്രദേശത്തെ പ്രധാന അമ്പലങ്ങൾ . പ്രദേശത്തെ പേരുകേട്ട 2 പള്ളികളാണ് സെൻറ് ജോസഫ്പള്ളി, പുതിയൂരും സെൻറ് മേരീസ്

പള്ളി പുതിയൂരും, ചിറ്റാറ്റുകര ജുമമസ്ജിദ് ആണ് പ്രദേശത്തെ ഒരു പ്രധാനപ്പെട്ട മസ്ജിദ്.

### 6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

തൃക്കാക്കര മുനിസിപ്പാലിറ്റിയിലാണ് കാക്കനാട് ഉൾപ്പെടുന്നത്. കൂടാതെ ഇത് തൃക്കാക്കരയോട് വളരെ അടുത്ത് സ്ഥിതി ചെയ്യുന്നു. ഓണത്തിൻെറയും അതുമായി ബന്ധപ്പെട്ട പ്രശസ്തമായ തൃക്കാക്കര അമ്പലത്തിൻെറയും പേരിൽ തൃക്കാക്കര ശ്രദ്ധേയമാണ്. തൃക്കാക്കര എന്ന പദത്തിൻെറ ഉത്സവം തിരുകാൽ അല്ലെങ്കിൽ മഹാവിഷ്ണുവിൻെറ കാലടി എന്ന പദത്തിൽ നിന്നാണ്. ഇത് ക്രമേണ തൃക്കാക്കര എന്ന സ്ഥലപേരിലേക്ക് പരിണമിച്ചു. ഇതു കൊച്ചി രാജ്യത്തിൻെറ തലസ്ഥാന മായിരുന്നു.

ഇന്ത്യയിലെ കേരളത്തിലെ കൊച്ചി നഗരത്തിലെ ഒരു പ്രധാന വ്യവസായ പാർപ്പിട മേഖലയാണ് കാക്കനാട്. ഇത് നഗരത്തിൻെറ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. കൊച്ചി സ്പെഷ്യൽ ഇക്കോണോമിക് സോൺ, ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കിൻഫ്ര എക്സ്പോർട്ട് പ്രോമോഷൻ ഇൻഡസ്ട്രി പാർക്ക് എന്നിവ ഇവിടെയുണ്ട്.

### 6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും സ്ക്കുളുകൾ, ആശുപത്രികൾ, പൗരസംഘടനകൾ, സാമൂഹ്യ ഗ്രൂപ്പുകൾ എന്നീ സൗകര്യങ്ങളോടുകൂടെ ദാരിദ്ര രേഖയ്ക്ക് മുകളിൽ ജീവിക്കുന്നവരാണ്. പദ്ധതി പ്രദേശത്തിനടുത്ത് എറണാകുളം, കളമശ്ശേരി എന്നീ പട്ടണങ്ങൾ ഉള്ളതിനാൽ ആരോഗ്യമേഖലയിലും, വിദ്യാഭ്യാസ മേഖലയിലും ഇവിടത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ആകും. പദ്ധതി പ്രദേശത്തെ അടുത്ത റെയിൽവേ സ്റ്റേഷൻ (എറണാകുളം) മെട്രോ റെയിൽ (കൊച്ചിൻ മെട്രോ) വിമാന താവളം (കൊച്ചിൻ അന്തർദേശീയ വിമാന താവളം) എന്നിവ യഥാക്രമം 10 കി.മീ, 6 കി.മീ, 24 കി.മീറ്റർ അകലെയായി സ്ഥിതിചെയ്യുന്നു.

# അദ്ധ്യായം –7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ദൂരീകരണ മാർഗ്ഗങ്ങൾ കണക്കാക്കുന്നതിനുവേണ്ടി പ്രത്യാഘാത പഠനസംഘം 3 ഘട്ടങ്ങളിലുള്ള സമീപനമാണ് സ്വീകരിച്ചത്. പദ്ധതിയുടെ വെല്ലുവിളികളും അവസരങ്ങളും മനസ്സിലാക്കുന്നതിനുവേണ്ടി ഭൗതിക നിരീക്ഷണവും പ്രാരംഭ പഠനവുമാണ് ആദ്യഘട്ടത്തിൽ സംഘടിപ്പിച്ചത്. രണ്ടാം ഘട്ടത്തിൽ ഘടനാപരമായ ചോദ്യാവലിയിലൂടെ ആഘാത ബാധിതരിൽ നിന്ന് വിശദമായ വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. മൂന്നാമത്തെ ഘട്ടത്തിൽ തടസ്സങ്ങൾ അളക്കുന്നതിനും അത് ലഘൂകരിക്കുന്നതിനുമായി പബ്ലിക്ക് ഹിയറിംഗും നടത്തും.

## 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കാക്കനാട് വില്ലേജിൽ IURWTS പദ്ധതിയുടെ ആഘാതബാധിതരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വെല്ലുവിളികൾ വളരെ കുറച്ച്, ഏറ്റവും സാധ്യമായ രീതിയിൽ നടപ്പിലാക്കാനാണ് അർത്ഥനാധികാരി ആസൂത്രണം ചെയ്തിരിക്കുന്നത്. കാർഷികാവശ്യതിനായുള്ള 3 കെട്ടിടങ്ങൾ മാറ്റി നിർത്തിയാൽ മറ്റ് കെട്ടിടങ്ങളൊന്നും, പദ്ധതി പ്രദേശത്തില്ല. കൂടാതെ, IURWTS പദ്ധതിയുടെ ആഘാതബാധിതരെ പുനരധിവാസിപ്പിക്കുന്നതിന് പദ്ധതി പ്രദേശം അനുയോജ്യമാണ്. 2 കുടുംബങ്ങളെ പദ്ധതി പ്രതികൂലമായി ബാധിക്കുന്നു.

താഴെപ്പറയുന്ന നടപടികൾ പ്രത്യാഘാതങ്ങൾ ഒഴിവാക്കാനോ ലഘൂകരിക്കാനൊ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃ രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെന്റ് 23/09/2015 തീയതിയിൽ G.O(Ms)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ.
- പദ്ധതി പ്രദേശത്തെ മരങ്ങൾ കഴിയുന്നത്ര സംരക്ഷിക്കുന്നതിനും പദ്ധതിക്കുവേണ്ടി വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം വൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുക
- പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക.

### 7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെന്റ് 23/09/2015 തീയതിയിൽ G.O(Ms)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ.

**7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ബാധകമല്ല

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെന്റ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരവും പദ്ധതി ആഘാത ബാധിതമാകുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനഃരധിവാസവും പുനഃസ്ഥാപനവും നൽകേണ്ടതാണ്.

**പട്ടിക 7.6.1 പ്രത്യാഘാത നിയന്ത്രണ നടപടികൾ**

| ക്രമ നമ്പർ | പ്രത്യാഘാത നിയന്ത്രണ നടപടികൾ | പ്രവർത്തനങ്ങൾ | സമയക്രമം |
|---|---|---|---|
| 1 | നഷ്ടപരിഹാരവും പുനസ്ഥാപനവും | ആഘാതം വിലയിരുത്തൽ | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ളഅവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം |
| | | നഷ്ടപരിഹാരം കണക്കാക്കൽ | |
| | | ഭൂമി കൈമാറ്റവും, നഷ്ടപരിഹാര വിതരണവും | |

| | | | |
|---|---|---|---|
| **2** | പരിസ്ഥിതി ആഘാതം ദുരീകരിക്കൽ | വൃക്ഷതൈകൾ വിതരണം ചെയ്യുക. പരിസ്ഥിഥി സംരക്ഷണ ത്തിനായി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊ ള്ളുക. | |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

എറണാകുളം ജില്ലയിൽ കാക്കനാട് വില്ലേജിൽ IURWTS പദ്ധതിയുടെ ആഘാതബാധിതരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി നിർദ്ദേശിച്ചിരിക്കുന്നത് ഭവനം ഫൗണ്ടേഷൻ കേരളയാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുസരിച്ച് കൃത്യമായ ഉത്തരവാദിത്വത്തോടും പങ്കോടും കൂടി ഔപചാരിക ഉത്തരവിലൂടെ പ്രധാന വ്യക്തികളെ കേരള സർക്കാർ നിയമിച്ചു.

ഭൂമി ഏറ്റെടുക്കുന്നതിലൂടെ ബാധിതമാകുന്ന കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കുമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചിക്കുന്നു. പുനരധിവാസ-പുനഃസ്ഥാപന പദ്ധതിയുടെ രൂപികരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ സർക്കരിൻേറയും കമ്മീഷണറുടേയും മേൽ നോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും.

23/09/2015-ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരളസർക്കാർ രൂപീകരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി ചുവടെ ചേർക്കുന്ന അധികാരികൾ ഉൾപ്പെടുന്നതാണ്.

- ജില്ലാ കളക്ടർ, പുനഃരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ പുനഃരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും. (പദ്ധതിക്ക് പുനരധിവാസം ആവശ്യമില്ല)

**8.2 ഗവർണ്മെന്േതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

അർത്ഥനാധികാരിയായ ഭവനം ഫൗണ്ടേഷൻ കേരള വിഭവങ്ങളും അതിന്റെ കാര്യക്ഷമതയും അന്തിമമായി തീരുമാനിച്ച് അറിയിക്കും.

**8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ഭൂമി ഏറ്റെടുക്കുന്നതിനെ ചെലവായി 8125.66 ലക്ഷം രൂപയാണ് അർത്ഥനാധികാരി കണക്കാക്കിയിരിക്കുന്നത്

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3.സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി

# –മേൽനോട്ടവും

# മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

IURWTS പദ്ധതിയുടെ ആഘാതബാധിതരെ പുനരധിവാസിപ്പിക്കുന്നതിന് കാക്കനാട് വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിദ്ദിഷ്ട പദ്ധതി മൂലം 2 കുടുംബങ്ങളാണ് ആഘാത ബാധിതരാകുന്നത്. മേൽനോട്ടത്തിൻെറയും മൂല്യ നിർണ്ണയത്തിൻെറയും പ്രധാന സൂചികകൾ താഴെപ്പറയുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ന്യായമായ നഷ്ട പരിഹാരവും പുന:സ്ഥാപന നടപടികളും
- ❖ ആഘാത ബാധിത കുടുംബങ്ങൾക്ക് കൃത്യസമയത്ത് നഷ്ടപരിഹാരം നൽകുക
- ❖ സമയക്രമത്തിനുള്ളിൽ പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടികൾ

### 10.2 റിപ്പോർട്ടിഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 പ്രകാരമുള്ള നടപടികൾ ബാധകമാണ്.

**10.3 സ്വതന്ത്ര മൂല്യനിർണ്ണയം - രൂപരേഖ**

ബാധകമല്ല

## അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

കനാലുകളിലൂടെയുള്ള ഗതാഗതം വികസിപ്പിക്കുക, വികസനാടിസ്ഥാനത്തിൽ കൊച്ചി നഗരത്തെ പുനരുജജീവിപ്പിക്കുക, ടൂറിസം ശക്തപ്പെടുത്തുക, കൊച്ചി നഗര ത്തിന്റെ ജീവിത നിലവാരം ഉയർത്തുക, ശരിയായ മാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെ നഗരവത്കരണം എന്നിവയാണ് അർബൻ റീജനറേഷൻ ആൻറ് ഇൻറഗ്രേറ്റഡ് വാട്ടർ ട്രാസ്പോർട്ട് സിസ്റ്റം പദ്ധതിയുടെ ലക്ഷ്യം. ഈ കനാലുകൾ കൃത്യമായി വികസിപ്പിക്കുകയാണെങ്കിൽ അത് നഗരത്തിന്റെ മുഖഛായയ്ക്ക് തന്നെ മാറ്റം വരുത്തും. അർബൻ റീജനറേഷൻ ആൻറ് ഇൻറഗ്രേറ്റഡ് വാട്ടർ ട്രാസ്പോർട്ട് സിസ്റ്റം പദ്ധതിയുടെ അനന്തരഫലമായി തേവര-പേരണ്ടൂർ കനാൽ, തേവര കനാൽ, മാർക്കറ്റ് കനാൽ, ചിലവന്നൂർ കനാൽ, ഇടപ്പള്ളി കനാൽ എന്നീ 5 കനാലുകളുടെ ഇരു വശങ്ങളിലുമുള്ള ധാരാളം കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരും. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലെ കാക്കനാട് വില്ലേജിലെ നിലവിൽ ഏറ്റെടുക്കുന്ന 7.73 ഏക്കർ സ്ഥലം ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ്. വളരെ വേഗത്തിൽ വികസിക്കുന്ന

പ്രദേശമായതിനാൽ പദ്ധതി പ്രദേശം ജീവിത സാഹചര്യങ്ങൾക്ക് വളരെ അനുയോജ്യമാണ്. ആളുകൾക്ക് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും എളുപ്പത്തിൽ ലഭ്യമാകും.

നിലവിലുള്ള രൂപരേഖ അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ മൂലം 2 വ്യക്തികൾ ആഘാത ബാധിതരാകുന്നുണ്ട്. പദ്ധതി പ്രദേശത്ത് വീടുകൾ ഇല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ മൂലം ആരേയും മാറ്റി താമസിപ്പിക്കേണ്ടി വരുന്നില്ല. എന്നിരുന്നാലും 2 വ്യക്തികൾക്ക് ഭൂമിയും അതിലെ വസ്തുവകകളും നഷ്ടമാകും. ഏറ്റെടുക്കൽ ആഘാത ബാധിതരുടെ ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നില്ല. നിലവിൽ ആഘാത ബാധിതർ പ്രദേശം ഉപയോഗിക്കുന്നില്ല. അവർ ഇതൊരു ഭൂസ്വത്ത് മാത്രമായാണ് പരിഗണിക്കുന്നത്. അതിനാൽ ഏറ്റെടുക്കൽ അവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അളവിൽ കുറവു വരുത്തുക മാത്രമാണ് ചെയ്യുന്നത്.

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമപ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുന:സ്ഥാപനവും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കലുമാണ് ലഘൂകരണ മാർഗ്ഗങ്ങളായിട്ടുള്ളത്. കൂടാതെ ചുറ്റുമുള്ളവർ പൊതുവെ നിർദ്ദിഷ്ട പുനരധിവാസം പദ്ധതിയോട് മനോഭാവം ഉള്ളവരായതിനാൽ IURWTS പദ്ധതിയുടെ ആഘാത ബാധിതർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉണ്ടാക്കുവാൻ സഹായകരമാകും.

### 11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

IURWTS പദ്ധതിയുടെ ആഘാത ബാധിതരുടെ പുനരധിവാസ പദ്ധതിയുടെ അനുകൂലവും പ്രതികൂലവുമായ ആഘാതങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ നിലവിലുള്ള രൂപ രേഖ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടത്താവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ശുപാർശ ചെയ്യുന്നു. പദ്ധതി പ്രദേശം എല്ലാ സൗകര്യങ്ങളുമുള്ളതിനാൽ താമസിക്കുവാൻ അനുയോജ്യമാണ്. താഴെ പറയുന്നവയാണ് പ്രത്യാഘാത ലഘൂകരണത്തിനായി ശുപാർശ ചെയ്യുന്നു

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസി.
- പദ്ധതി പ്രദേശത്തെ മരങ്ങൾ കഴിയുന്നത്ര സംരക്ഷിക്കുന്നതിനും പദ്ധതിക്കുവേണ്ടി വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം വൃക്ഷതൈകൾ നട്ടു പിടിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുക
- പദ്ധതി പ്രദേശത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക

## സൂചനകളും അനുബന്ധങ്ങളും

### സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 10/02/2020 തീയതിയിലെ ഉത്തരവ് നമ്പർ G.O.(P)No.11/2020/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽകേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. www.bfk.in